**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3456** **11.12.2018 ൽ മറുപടിയ്ക്ക്**

# ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.പി.കെ. ശശി** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |

എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് കൃഷി വകുപ്പ് മുഖാന്തിരം നടത്തിവരുന്നത് എന്ന് വിശദമാക്കാമോ;

എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ചുവടെ വിശദമാക്കുന്ന ഘടകങ്ങൾ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

**1. ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവ കാർഷിക പ്രവർത്തനങ്ങൾ**

ഓരോ ക്ലസ്റ്ററുകളും 25 ഹെക്ടർ വരെയാണ് ഉൾക്കൊള്ളുന്നത്. ഇവയ്ക്ക് ഹെക്ടറൊന്നിന് 3000 രൂപ ധനസഹായം നൽകുന്നു. നടപ്പു സാമ്പത്തിക വർഷം 251 ക്ലസ്റ്ററുകളിൽ പദ്ധതി നടപ്പിലാക്കുന്നതാണ്.

ഇതിനു പുറമെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.കെ.വി.വൈ പദ്ധതി പ്രകാരമുള്ള 619 ക്ലസ്റ്ററുകൾ 12380 ഹെക്ടറിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ 2018-19 സാമ്പത്തിക വർഷം പുതുതായി 110 ക്ലസ്റ്ററുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

2. **ഇക്കോഷോപ്പുകൾ**

ജൈവ ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ, മറ്റ് ഉല്പാദനോപാധികൾ എന്നിവയുടെ വിപണനത്തിനായി ഇക്കോഷോപ്പുകൾ പ്രവർത്തിച്ചു വരുന്നു. പുതുതായി ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിന് 2 ലക്ഷം രൂപയും കഴിഞ്ഞ വർഷം സ്ഥാപിച്ച ഇക്കോഷോപ്പുകൾക്ക് 1 ലക്ഷം രൂപ വീതവുമാണ് ധനസഹായം നൽകുന്നത്. 2017-18 വരെ സംസ്ഥാനത്ത് 214 ഇക്കോഷോപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്.

**3. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം**

ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വിപണനം

നടത്തുന്നതിന് ഇതിനോടകം 32 നേരിട്ടുള്ള വിപണികൾ സ്ഥാപിച്ചിട്ടുണ്ട്.

**4. കാസർഗോഡ് ജില്ലയിൽ പി.ജി.എസ് സർട്ടിഫിക്കേഷൻ**

കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവ കൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ മുഖാന്തിരം പി.ജി.എസ് സർട്ടിഫിക്കേഷൻ നടത്തുന്നതിന് ഹെക്ടറിന് 6000 രൂപ ക്രമത്തിൽ ധനസഹായം നൽകി വരുന്നു.

**5. കുട്ടനാട് ജി.എ.പി പദ്ധതി**

കുട്ടനാട്ടിൽ സുസ്ഥിര ജൈവ നെൽകൃഷി നടപ്പിലാക്കുന്നതിനും കുട്ടനാടിനെ പ്രത്യേക കാർഷിക മേഖലയാക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ള പദ്ധതിയാണിത് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ 27750 ഹെക്ടർ സ്ഥലത്തെ പാടശേഖരത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. കുട്ടനാട്ടിലെ വരിനെല്ലിന്റെ നിയന്ത്രണം, കുട്ടനാട് കരിമണ്ണിന്റെ പരിപാലനം, ജൈവ ഉപാധികളുടെ നിർമ്മാണം, കള നിയന്ത്രണ പരിശീലന പരിപാടികൾ, സംയോജിത കീട നിയന്ത്രണം എന്നിവയാണ് പ്രധാനമായും നടപ്പാക്കുന്നത്.

**6. സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലം അവാർഡ്**

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജകമണ്ഡലം (ഒന്നാം സമ്മാനം 15 ലക്ഷം രൂപ), കോർപ്പറേഷൻ (ഒന്നാം സമ്മാനം 3 ലക്ഷം രൂപ), മുനിസിപ്പാലിറ്റി (ഒന്നാം സമ്മാനം 3 ലക്ഷം രൂപ), ഗ്രാമ പഞ്ചായത്ത് ജില്ലാതലത്തിൽ (ഒന്നാം സമ്മാനം 3 ലക്ഷം രൂപ) എന്നിങ്ങനെ മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ നൽകുന്നു.

**7. അവശിഷ്ട വിഷാംശ പരിശോധന**

സംസ്ഥാന കൃഷി വകുപ്പ് പഴം-പച്ചക്കറികളിൽ സേഫ് റ്റു ഈറ്റ് എന്ന പദ്ധതി ഘടകം പ്രകാരം വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ടവിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബിൽ പരിശോധിക്കുകയും പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ ആയ www.kerala.gov.in ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്

സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ വഴി ഇത്തരം അന്യ സംസ്ഥാന വിഷലിപ്ത പച്ചക്കറികളുടെ ഉപയോഗത്തിന് ഒരു പരിധി വരെ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഹോർട്ടിക്കൾച്ചർ കോളേജ് വെള്ളാണിക്കര (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസറഗോഡ്) എന്നീ സ്ഥാപനങ്ങളിലും കീടനാശിനി അവശിഷ്ട പരിശോധന ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**8. സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്**

"സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്" എന്ന പുതിയ കൃഷി രീതി കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതിലൂടെ സുസ്ഥിര കൃഷി ചെലവു കുറഞ്ഞ രീതിയിൽ നടപ്പാക്കുന്നതിനും കർഷകരെ സജ്ജമാക്കുന്നതിന് സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗിന്റെ പ്രയോക്താവായ പത്മശ്രീ. സുഭാഷ് പലേക്കറിനെ ഉൾപ്പെടുത്തി ശില്പശാല സംഘടിപ്പിക്കുകയുണ്ടായി.

**9. ഫാം സ്കൂൾ & കർഷകർക്കുള്ള പരിശീലനങ്ങൾ**

ജൈവകൃഷി രീതി കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും വേണ്ടി ഫാം സ്കൂളുകൾ, കർഷകർക്കുള്ള പരിശീലന പരിപാടികൾ എന്നിവ നടപ്പിലാക്കുന്നു. ഈ വർഷം ജൈവ കൃഷി സംബന്ധിച്ച് 76 ഫാം സ്കൂളുകൾ സംസ്ഥാനത്തുടനീളം പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

**10. പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ)**

ഇത് ഒരു കേന്ദ്രാ വിഷ്കൃത പദ്ധതിയാണ്. 60:40 അനുപാതത്തിൽ കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് ജൈവകൃഷി വ്യാപനം നടത്തുന്ന പദ്ധതിയാണിത്. മൂന്നു വർഷം തുടർച്ചയായി നടപ്പാക്കുന്ന ഈ പദ്ധതിയിൽ ക്ലസ്റ്ററൊന്നിന് 14.95 ലക്ഷം രൂപയാണ് ധനസഹായം. കർഷകർക്കുള്ള ബോധവല്ക്കരണം, ക്ലസ്റ്റർ അംഗങ്ങൾക്കുള്ള പരിശീലന പരിപാടികൾ, ജൈവ ഉല്പാദനോപാധികളുടെ നിർമ്മാണം, ജൈവവളം, ജൈവ കീടനാശിനികൾ എന്നിവയുടെ ഉല്പാദനം, മണ്ണ് പരിശോധന, പി.ജി.എസ് സർട്ടിഫിക്കേഷൻ, ഓർഗാനിക് മേളകൾ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുക ഇവയാണ് പ്രധാന പ്രവർത്തനങ്ങൾ. 12380 ഹെക്ടർ സ്ഥലത്ത് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

ബി) ഷൊർണ്ണൂർ മണ്ഡലത്തിൽ ജൈവകൃഷിയുമായി ബന്ധപ്പെട്ട എന്തെല്ലാം പദ്ധതികളാണ് പുതിയതായി ആവിഷ്കരിച്ചിട്ടുള്ളത് എന്നും എന്തെല്ലാം പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ളത് എന്നും വിശദമാക്കാമോ?

ബി) ഷൊർണ്ണൂർ മണ്ഡലത്തിൽ ജൈവകൃഷിയുമായി ബന്ധപ്പെട്ട് ലക്കിടി പേരൂർ, ചളവറ കൃഷി ഭവൻ പ്രദേശത്ത് ജൈവകൃഷി പ്രവർത്തനങ്ങൾക്കായി 25 ഹെക്ടർ വീതമുള്ള രണ്ട് ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. കർഷകർക്ക് വിവിധ മാതൃകാ കൃഷിയിടങ്ങൾ സന്ദർശിക്കുന്നതിനായുള്ള പരിപാടികൾക്കായി 20,000 രൂപ ചെലവഴിച്ചു. കാർഷിക ഉത്പന്നങ്ങളുടെ വിപണനത്തിനായി വാണിയംകുളം കൃഷി ഭവൻ പരിധിയിലും അനങ്ങനടി കൃഷി ഭവൻ പരിധിയിലും ഓരോ ഇക്കോഷോപ്പ് പ്രവർത്തിച്ചു വരുന്നു. കൂടാതെ വാണിയംകുളം കൃഷി ഭവൻ പരിധിയിൽ പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി 50 ഏക്കർ സ്ഥലത്ത് ജൈവകൃഷി നടന്നു വരുന്നു. ആയതിന്റെ ഭാഗമായി ജൈവ ഉല്പാദനോപാധികളുടെ നിർമ്മാണം, ജൈവവളം, ജൈവ കീടനാശിനികൾ എന്നിവയുടെ ഉല്പാദനം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 17,85,000 രൂപ ചെലവഴിച്ചു. അനങ്ങനടി കൃഷി ഭവൻ ഇക്കോഷോപ്പിന്റെ തുടർപ്രവർത്തനം, രണ്ട് ക്ലസ്റ്ററുകളുടെ രൂപീകരണം, ഫാം സ്കൂൾ, കർഷകർക്കുള്ള പരിശീലന പരിപാടികൾ, മാതൃകാ കൃഷിയിടങ്ങൾ സന്ദർശിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 2018-19 വർഷം 3,35,000 രൂപയുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കൂടാതെ ഷൊർണ്ണൂർ മണ്ഡലത്തിൽ ജൈവകൃഷിയുമായി ബന്ധപ്പെട്ട് വാണിയംകുളം സ്വാശ്രയ കർഷക സമിതിയുടെ കീഴിൽ ജൈവകൃഷിയോട് ആഭിമുഖ്യമുള്ള കർഷകരെ ചേർത്ത് ഒരു പി.ജി.എസ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. ഇവർ പി.ജി.എസ് മാനദണ്ഡങ്ങൾക്കനുസൃതമായി 5 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തു വരുന്നു.

**സെക്ഷൻ ഓഫീസർ**